"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-അച്ചടക്ക നടപടി-മാനന്തവാടി സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഓഫീസർ കോൺട്രാക്ടർമാരിൽ നിന്ന് കൈക്കൂലി വാങ്ങുന്നുവെന്ന പരാതി-വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോയുടെ മിന്നൽ പരിശോധനാ റിപ്പോർട്ട്-സസ്പെൻഷനിലായിരുന്ന റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.വി.അനുരേഷിനെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.37/2023/F&WLD തീയതി,തിരുവനന്തപുരം, 27-01-2023

---

പരാമർശം:-

1. വിജിലൻ സ് & ആന്റികറപ്ഷൻ ബ്യൂറോയുടെ 23.10.2021-ലെ ഇ23(SC6/2021/SCK 19655/2021 നമ്പർ കത്ത്.
2. 01.01.2022-ലെ സ.ഉ.(സാധാ.) നമ്പർ 01/2022/വനം നമ്പർ ഉത്തരവ്.
3. 07.01.2023-ലെ വിജിലൻസ് (ഇ) വകുപ്പിന്റെ Vig. E4/248/2021/Vig. നമ്പർ കത്ത്.

**ഉത്തരവ്**

മാനന്തവാടി സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയ ശ്രീ.കെ.വി.അനുരേഷ് കോൺട്രാക്ടർമാരിൽ നിന്നും കൈക്കൂലി വാങ്ങുന്നുവെന്ന പരാതിയിന്മേൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തുകയും ദുരൂഹ സാഹചര്യത്തിൽ കൈക്കൂലിപ്പണം ടിയാനിൽ നിന്നും കണ്ടെത്തിയ സാഹചര്യത്തിൽ തുടരന്വേഷണത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിനായി പരാമർശം ( 2 ) പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

21.12.2022-ൽ ചേർന്ന സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയോഗം ശ്രീകെ.വി.അനുരേഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ സർവ്വീസിൽ പുനപ്രവേശിപ്പിച്ച് ടിയാന്റെ സ്വന്തം ജില്ലയ്ക്ക് പുറത്ത് നോൺ സെൻസിറ്റീവ് തസ്തികയിൽ നിയമനം നൽകുന്നതിന് ശുപാർശ ചെയ്തിട്ടുണ്ടെന്ന് പരാമർശം (3) പ്രകാരം വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്

മേൽ സാഹചര്യത്തിൽ ശ്രീകെ.വി.അനുരേഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് ഉത്തരവാകുന്നു. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ടിയാനെ സ്വന്തം ജില്ലയ്ക്ക് പുറത്ത് നോൺ സെൻസിറ്റീവ്

തസ്തികയിൽ നിയമനം നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.വി.അനുരേഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

ഡയറക്ടർ, വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ.

വിജിലൻസ് (ഇ) വകുപ്പ് (വിജി.-ഇ4/248/2021/വിജി.)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shaji A M
സെക്ഷൻ ഓഫീസർ
Date: 27-01-2023 16:43:08